

# Phrasal Verbs

ഇനി നമുക്ക് Phrasal verbs നെ മനസ്സിലാക്കാം.

കാഴ്ചയിൽ verb + preposition പോലെത്തന്നെയാണ് phrasal verbs. പക്ഷേ preposition ന്റെ സ്ഥാനത്ത് അധികവും adverb ആയിരിക്കും. Prepositional verbs ന്റെ അർത്ഥം നാം ഊഹിക്കുന്നതുപോലെത്തന്നെയാവും. എന്നാൽ, phrasal verbs നെ മനസ്സിലാക്കുക പലപ്പോഴും അത്ര എളുപ്പമാവില്ല. കൂടെയുള്ള verb ന്റെ സാധാരണ അർത്ഥവുമായി യാതൊരു ബന്ധവുമില്ലാത്ത ആശയമാവും phrasal verbs ന് ഉണ്ടാവുക. അതിനാൽ അവ വേറെത്തന്നെ പഠിക്കേണ്ടതായിവരും. ഉദാഹരണങ്ങൾ ശ്രദ്ധിച്ചാൽ വ്യക്തമാവും.




എ.കെ. അബ്ദുൽമജീദ്

Take down : അഴിച്ചുമാറ്റുക, നീക്കം ചെയ്യുക, എഴുതുക.

Please take down what I say എന്നാൽ 'ഞാൻ പറയുന്നത് എഴുതിയെടുക്കുക' എന്നർത്ഥം.

Take off : പക്ഷി, വിമാനം എന്നിവ പറന്നുയരുക. വസ്ത്രം, കണ്ണട എന്നിവ ഊരിവെക്കുക.

The plane is ready for take off എന്നാൽ 'വിമാനം പറന്നുയരാൻ തയ്യാറായിരിക്കുന്നു '



എർത്ഥം.

Take after : സാദൃശ്യപ്പെടുക, പിന്തുടരുക

She takes after her grandmother എന്നാൽ അവൾക്ക് അവളുടെ മുത്തശ്ശിയോട് സാദൃശ്യമുണ്ട് എന്നർത്ഥം.



Take over : ഏറ്റെടുക്കുക

The government took over the school എന്നാൽ 'ഗവൺമെന്റ് സ്കൂൾ ഏറ്റെടുത്തു' എന്നർത്ഥം.

**ഏതാനും phrasal verbs അർത്ഥം, ഉദാഹരണ വാക്യം എന്നിവ സഹിതം താഴെ കൊടുക്കുന്നു.**

Put on : വസ്ത്രം ധരിക്കുക

Yesterday all the students put on black shirts and white pants.

Put out: വിളക്ക് കെടുത്തുക

At 10 O' clock the warden came and put out the light.

Put by: മിച്ചം വെക്കുക

I put by 500 rupees every week to buy a cell phone.

Put up: രാപ്പാർക്കുക

we put up at a friend's house.

Set aside: മാറ്റിവെക്കുക

The manager set aside Rs 1000 for the programme.



Set off: യാത്ര പുറപ്പെടുക

We will set off at 7 O' clock in the morning.

Set up: സ്ഥാപിക്കുക

They set up cctv camera in the office.

Set in: തുടങ്ങുക (തുടരാൻ സാധ്യതയുള്ളത്)

The rain seems to have set in.

✦